(ബി) എങ്കിൽ ഏതെല്ലാം വിദഗ്ദ്ധർ അടങ്ങിയ സമിതിയെയാണ് നിയോഗിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

(സി) സമിതിയെ നിയോഗിക്കുന്ന സാഹചര്യത്തിൽ ഇതിനകം ഗവൺമെന്റ് സ്വകാര്യ കമ്പനിക്ക് നൽകിയ അനുമതി റദ്ദാക്കിയിട്ടുണ്ടോ ;

(ഡി) കരിമണൽ ഖനനം സംബന്ധിച്ച് ഹൈക്കോടതി എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ഇ) സർക്കാർ നടപടി സുതാര്യമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നു വിശദമാക്കുമോ ?

hyhk mehpwk mad‡ y£. ehpwh Ig¤ar{ r(ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) കരിമണൽ ഖനനത്തിന് സ്വകാര്യ കമ്പനിക്ക് ഇതുവരെ ഈ സർക്കാർ അനുമതിയൊന്നും നൽകിയിട്ടില്ല.

(ഡി) ബഹു: ഹൈക്കോടതിയുടെ തീരുമാനത്തിനു വിധേയമായി മാത്രമേ ഗവൺമെന്റ് ലൈസൻസ് നൽകാവൂ എന്ന് ഇടക്കാല ഉത്തരവുണ്ട്.

(ഇ) സ്വകാര്യ മേഖലയിൽ ധാതുമണൽ ഖനനത്തിന് അനുമതി നൽകാൻ തീരുമാനമെടുത്തിട്ടില്ല. എന്നാൽ സംയുക്ത മേഖലയിൽ ധാതുമണൽ ഖനനവും മൂല്യവർദ്ധിത വ്യവസായവും തുടങ്ങാൻ സഹായിക്കുന്ന മിനറൽ പോളിസി, സർക്കാർ ഇറക്കിയിട്ടുണ്ട്.

വ്യവസായ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കാൻ നടപടി

12 (*252) ശ്രീ. എം. മുരളി :
ശ്രീ. പി. ജെ. ജോയി :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. എം. എ. ചന്ദ്രശേഖരൻ :
ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മുടങ്ങിക്കിടക്കുന്ന വ്യവസായ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുവാൻ എന്തെങ്കിലും പരിപാടിയുണ്ടോ ;

(ബി) ഇവയുടെ നിശ്ചലാവസ്ഥയ്ക്ക് കാരണമെന്തെന്നും ഇവയെ എപ്രകാരം പുനരുജ്ജീവിപ്പിക്കുവാൻ കഴിയുമെന്നും മനസ്സിലാക്കുന്നതിന് പര്യാപ്തമായ പഠനം നടത്തുമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

LIBRARY ARCHIVES Kerala Legislative Assembly

(എ&ബി) പല കാരണങ്ങളാൽ പ്രവർത്തനം നിലച്ചുപോയ വ്യവസായ സഹകരണസംഘങ്ങളെ പുനരുജ്ജീവിപ്പിക്കാൻ സഹായകരമായ പ്രോജക്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ വ്യവസായവകുപ്പ് സ്വീകരിക്കുന്നുണ്ട്. കൂടാതെ ഇത്തരം സഹകരണസംഘങ്ങൾ ആവശ്യപ്പെടുന്ന മുറയ്ക്ക് സാമ്പത്തികവും സാങ്കേതികവുമായ സഹായങ്ങൾക്ക് ഒത്താശ ചെയ്തു കൊടുക്കുന്നുമുണ്ട്.

ചെറുകിട തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് യാത്രാക്കപ്പലുകളുടേയും ചരക്കുകപ്പലുകളുടേയും സർവ്വീസ് ആരംഭിക്കുന്നതിന് നടപടി

13 (*253) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. ബാലറാം :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ടി. വി. ചന്ദ്രമോഹൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് യാത്രാക്കപ്പലുകളുടേയും ചരക്ക് കപ്പലുകളുടേയും സർവ്വീസ് ആരംഭിക്കുന്നതിനെപ്പറ്റി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(ബി) ഇത്തരം സർവ്വീസുകൾ ലാഭകരമായി നടത്താൻ കഴിയുമോ ;

(സി) ഇത്തരം സർവ്വീസുകൾ ആരംഭിക്കുന്നതിനെപ്പറ്റി പഠനങ്ങളൊന്നും നടത്താത്തപക്ഷം അതിനുള്ള ഏർപ്പാടുണ്ടാക്കുമോ എന്ന് വ്യക്തമാക്കുമോ ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ) :

(എ) ചെറുകിട തുറമുഖങ്ങളെ ബന്ധിപ്പിച്ച് യാത്രാക്കപ്പൽ സർവ്വീസ് ആരംഭിക്കുന്നതിനെക്കുറിച്ചുള്ള സാദ്ധ്യതാപഠനം കേരളാ ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷനും ചരക്കു ഗതാഗതം നടത്തുന്നതിനെക്കുറിച്ച് നാറ്റ്പാക് വഴിയും കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ ഡിപ്പാർട്ടുമെന്റും നടത്തിയിട്ടുണ്ട്.

(ബി) ഇപ്പോൾ പറയാൻ നിർവ്വാഹമില്ല. സർവ്വീസ് നടത്തുന്ന മുറയ്ക്കേ ലാഭകരമാണോ എന്ന് അറിയാൻ കഴിയൂ.

(സി) ചോദ്യം ഉദിക്കുന്നില്ല.

എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റിയുടെ റിപ്പോർട്ട്

14 (*254) ശ്രീ. പി. നാരായണൻ:
ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായ പുന:സംഘടനയ്ക്കായി കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly